"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്-ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ ബോർഡിന് നല്കുവാൻ ശേഷിക്കുന്ന തുകയിൽ ഇരുപത്തിയഞ്ച് കോടി രൂപ- റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5/2026/HSG തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. 24.08.2020-ലെ സ. ഉ. (സാധാ) നം. 26/2020/ഭവനം.
2. 07.05.2021-ലെ സ. ഉ. (സാധാ) നം. 21/2021/ഭവനം.
3. 06.12.2022-ലെ സ. ഉ. (സാധാ) നം. 94/2022/ഭവനം.
4. 23.01.2023-ലെ സ. ഉ. (സാധാ) നം. 7/2023/ഭവനം.
5. 03.03.2023-ലെ സ. ഉ. (സാധാ) നം. 15/2023/ഭവനം.
6. 29.04.2023-ലെ സ. ഉ. (സാധാ) നം. 32/2023/ഭവനം.
7. 22.05.2023-ലെ സ. ഉ. (സാധാ) നം. 34/2023/ഭവനം.
8. 22.06.2023-ലെ സ. ഉ. (സാധാ) നം. 47/2023/ഭവനം.
9. 12.01.2024-ലെ സ. ഉ. (സാധാ) നം. 3/2024/ഭവനം.
10. 07.05.2024-ലെ സ. ഉ. (സാധാ) നം. 20/2024/ഭവനം.
11. 19.06.2024-ലെ സ. ഉ. (സാധാ) നം. 43/2024/ഭവനം.
12. 05.12.2024-ലെ സ. ഉ. (സാധാ) നം. 66/2024/ഭവനം.
13. 13.02.2025-ലെ സ. ഉ. (സാധാ) നം. 05/2025/ഭവനം.

14 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 29.09.2025-ലെ KSHB-HO/305/2025-AF1 നമ്പർ കത്ത്.

15 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 23.10.2025-ലെ KSHB-HO/308/2025-AF1 നമ്പർ കത്ത്.

16 06.02.2026-ലെ സ. ഉ. (സാധാ) നം. 1158/2026/ധന.

**ഉത്തരവ്**

ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നല്കേണ്ടിയിരുന്ന 283.16 കോടി രൂപയിൽ നിന്നും പരാമർശം (1) മുതൽ (13) വരെ ഉത്തരവുകൾ പ്രകാരം നാളിതു വരെ 102.84 കോടി രൂപ റിലീസ് ചെയ്ത്

ഉത്തരവായിട്ടുണ്ട്. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ബാക്കി നല്കാൻ ശേഷിക്കുന്ന തുകയിൽ നിന്നും, ബോർഡിലെ പെൻഷണേഴ്സിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിലേയ്ക്കായി ₹19.54 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (14) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻആനുകൂല്യം നൽ കുന്നതിലേയ്ക്കായും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുമായി സർക്കാരിൽ നിന്നും ബോർഡിന് ലഭ്യമാകേണ്ട തുകയിൽ നിന്നും അടിയന്തരമായി 75 കോടി രൂപ IBDS (Institutional Bill Discounting System ) മുഖേന ഒറ്റത്തവണയായി അനുവദിക്കണമെന്ന് പരാമർശം (15) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (16) ഉത്തരവ് പ്രകാരം അധികധനാനുമതിയായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുവാൻ ശേഷിക്കുന്ന 180.32 കോടി രൂപയിൽ ₹25,00,00,000/- (ഇരുപത്തിയഞ്ചു കോടി രൂപ മാത്രം) 2216-80-103-99-01-36-N-V Grant-in Aid എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി IBDS (Institutional Bill Discounting System) മുഖേന റിലീസ് ചെയ്തു ഉത്തരവാകുന്നു.

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (Non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29/08/2009-ലെ സർക്കുലർ നം. 75/2009/ധനത്തിലെയും 09/12/2008-ലെ സർക്കുലർ നം. 84/2008/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ) നം. 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധന വകുപ്പിന് സമർപ്പിയ്ക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ &ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ((PU-C3/177/2023-FIN-Part (1) dated07.02.2023)
സംസ്ഥാന ആഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 11-02-2026 10:51:53

സെക്ഷൻ ഓഫീസർ